**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4739** **19-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട പഞ്ചായത്തിലെ പല ഭാഗത്തും കുടിവെള്ളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കിള്ളിപ്പാറയിൽ നിന്നും കാട്ടാക്കട വഴി നെയ്യാറ്റിൻകരയിലേക്കു കൊണ്ടു പോകുന്ന കുടിവെള്ളം തുങ്ങാംപാറ വച്ചിട്ടുള്ള വാൽവ് കൺട്രോൾ ചെയ്തു കാട്ടാക്കട നിവാസികൾക്ക് നൽകണമെന്ന മുൻകാല തീരുമാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനായുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കാളിപ്പാറ പദ്ധതിയിൽ നിന്നും കാട്ടാക്കട, കള്ളിക്കാട്, ഒറ്റശേഖരമംഗലം, അമ്പൂരി, വെള്ളറട, മലയിൻകീഴ്, മാറനല്ലൂർ എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, കുറ്റിച്ചൽ, പൂവച്ചൽ, ആര്യനാട്, പെരുങ്കടവിള, തിരുപുറം, അതിയന്നൂർ, കാരോട്, ചെങ്കൽ, കുളത്തൂർ, പാറശ്ശാല എന്നീ പഞ്ചായത്തുകളിൽ ഭാഗികമായും ശുദ്ധ ജല വിതരണം നടത്തി വരുന്നു.<br><br>കാളിപ്പാറയിൽ നിന്നും കാട്ടാക്കട വഴി നെയ്യാറ്റിൻകര യിലേക്ക് പോകുന്ന മെയിൻ ലൈനിൽ നിന്നും തുങ്ങാംപാറയിൽവെച്ച് ഇന്റർ കണക്ഷൻ ചെയ്താണ് കാട്ടാക്കട പഞ്ചായത്തിലെ കിള്ളി, കണ്ടല, പൊറ്റവിള, ചെട്ടിക്കോണം, അമ്പലത്തിൻ കാല, കാരിഞ്ചൽ, മേച്ചിറ, തേവുപാറ എന്നീ സ്ഥലങ്ങളിൽ ശുദ്ധ ജലം എത്തിക്കുന്നത്. അതുപോലെ കാട്ടാക്കട കോളേജ് ജംഗ്ഷനിൽ മെയിൻ ലൈനിൽ നിന്നും ഇന്റർ കണക്ഷൻ ചെയ്തു കാട്ടാക്കട, ചാരുപാറ, പ്ലാവൂർ, കുരുതംകോട്, പൂഴനാട്, മകാരമല എന്നീ സ്ഥലങ്ങളിലും വെള്ളമെത്തിക്കുന്നുണ്ട്. ഇത് കൂടാതെ ജലക്ഷാമം രൂക്ഷമാകുന്ന അവസരങ്ങളിൽ കാട്ടാക്കട പഞ്ചായത്തിലെ ഉയരം കൂടിയ മേഖലകളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി തുങ്ങാംപാറ വാൽവ് കൺട്രോൾ ചെയ്തു ജലം എത്തിക്കാറുണ്ട്. ജെ.ജെ.എം പദ്ധതിയിൽ ഉൾപ്പെടുത്തി തുങ്ങാംപാറ അമ്പലത്തിൻകാല റോഡിൽ ഒരു ഇന്റർ കണക്ഷൻ പ്രവൃത്തി കൂടെ ക്രമീകരിച്ചിട്ടുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പൊറ്റവിള, മാവുവിള, ചെട്ടിക്കോണം, കാരിഞ്ചൽ, കാനകോട്, കാഞ്ഞിരംവിള എന്നീ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ